"ഭരണഭാഷ - മാതൃഭാഷ"

KSEB
കേരളത്തിന്റെ ഊർജ്ജം
150 YEARS OF CELEBRATING THE MAHATMA

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
ചീഫ് എഞ്ചിനീയർ (റിന്യൂവബിൾ എനർജി & എനർജി സേവിംഗ്സ്)-ന്റെ കാര്യാലയം (9-ാം നില)
രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള
ഫോൺ +91 471 2447404, ഫാക്സ്: 0471 2558340, ഇ-മെയിൽ : cerees@kseb.in
വെബ് സൈറ്റ് : www.kseb.in. CIN :U40100KL2011SGC027424

നം. സി.ഇ (ആർ.ഇ.ഇ.എസ്)/എസ്റ്റേറ്റ്/എ.ഇ.ഇ.6/സോളാർ--ജനറൽ/ 19-20/ 147 (1) / 02.05.2019

## പരിപത്രം

1 kWp മുതൽ 1 MWp വരെ ശേഷിയുള്ള സൗരവൈദ്യുതി ഉല്പാദന സംവിധാനം വിതരണ ശൃംഖലയുമായി ഘടിപ്പിക്കുന്നതിനുള്ള അപേക്ഷയിന്മേൽ കെ.എസ്.ഇ.ബി.എൽ ഓഫീസുകൾ നടപടികൾ സ്വീകരിക്കാതിരിക്കുന്നത് - സംബന്ധിച്ച്

---

സൂചന:- (1) 09.09.2016 ലെ പരിപത്രം നം.സി.ഇ(ആർ.ഇ.ഇ.എസ്)/പ്രോജക്ട്സ്/എ.ഇ.ഇ.6/ സോളാർ-ജനറൽ/ 16-17/ 766 (1) ഉം 23.07.2018 ലെ ഭേദഗതിയും.

(2). കെ.എസ്.ഇ.ആർ.സി.യുടെ 10.06.2014ലെ 2096/കെ.എസ്.ഇ. ആർ.സി/2014 (ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ടഡ് സോളാർ എനർജി സിസ്റ്റം) റെഗുലേഷൻസ് 2014.

(3). കെ.എസ്.ഇ.ആർ.സി.യുടെ 15.03.2016 ലെ 2521/ADL/KSERC/ 2015 (ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ടഡ് സോളാർ എനർജി സിസ്റ്റം) അമന്റ്മെന്റ് റെഗുലേഷൻസ് 2016.

(4). കെ.എസ്.ഇ.ബി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് 27.04.2019 ന് സമർപ്പിച്ച കുറിപ്പ് നം. സി.ഇ (ആർ.ഇ.ഇ.എസ്)/എസ്റ്റേറ്റ്/എ.ഇ.ഇ.6/സോളാർ--ജനറൽ/19-20/128

- 1 kWp മുതൽ 1 MWp വരെ ശേഷിയുള്ള സൗരവൈദ്യുതി ഉല്പാദന സംവിധാനം വിതരണ ശൃംഖലയുമായി ഘടിപ്പിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കാത്തതുമായി ബന്ധപ്പെട്ട് ഈ ഓഫീസിൽ ലഭിക്കുന്ന പരാതികൾ വർദ്ധിച്ചുവരുന്നു. ആയതിനാൽ, മേൽ പദ്ധതിക്കായി ഉപഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിച്ച് സാധ്യതാപഠനം നടത്തി ഉപഭോക്താവിന് പ്രസ്തുത ശേഷിയുള്ള നിലയം സ്ഥാപിക്കാൻ കഴിയുമോ ഇല്ലയോ എന്ന് വ്യക്തമാക്കി കെ.എസ്.ഇ.ആർ.സി. നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ കാര്യകാരണസഹിതം മറുപടി നൽകേണ്ടതാണ്.
- മേൽ പദ്ധതിക്കായുള്ള അപേക്ഷകൾ സാധ്യതാപഠനത്തിനു മുമ്പായി യാതൊരു കാരണവശാലും നിരസിക്കുവാൻ പാടുള്ളതല്ല.
- അപേക്ഷകൾ നിരസിക്കുന്നതായുള്ള പരാതികളെ കെ.എസ്.ഇ.ബി.എൽ ഗൗരവമായി കാണുന്നതായിരിക്കും.

പി.ജി. ഉണ്ണികൃഷ്ണൻ
സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)